LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കേരള കാർഷിക സർവ്വകലാശാലയുടെ 2 ഏക്കർ 3.685 സെന്റ് ഭൂമിയാണ് വിവിധ ഏജൻസികൾക്കായി ഉടമസ്ഥാവകാശം കൈമാറാതെ പാട്ടവ്യവസ്ഥയിൽ 2011 ജൂൺ മാസത്തിനും 2015 മേയ് മാസത്തിനും ഇടയിൽ കൈമാറിയത്. കൈമാറ്റം ചെയ്യപ്പെട്ട ഭൂമിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആധുനിക മാംസ സംസ്കരണ ഫാക്ടറി

139 (2772) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പരിയാരം പഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിയിലെ എം.പി.ഐ. വക സ്ഥലത്ത് ആധുനിക മാംസ സംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഫാക്ടറി സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;

(സി) എങ്കിൽ അവ നീക്കി ഫാക്ടറി നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) പരിയാരം പഞ്ചായത്തിലെ എം.പി.ഐ. വക സ്ഥലത്ത് ആധുനിക മാംസ സംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികളുമായി മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ മുന്നോട്ടുപോകുകയാണ്. എന്നാൽ പദ്ധതി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം പരിസ്ഥിതിലോലപ്രദേശമായി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും അനുമതി ലഭിക്കുവാൻ സാധിക്കുകയില്ല എന്നറിയുന്നു. ഈ സ്ഥലം പരിസ്ഥിതിലോലമേഖലയിൽനിന്നും ഒഴിവാക്കണമെന്ന് കേന്ദ്ര മന്ത്രി ഉൾപ്പെടെയുള്ളവർക്ക് നേരിട്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട്. പരിഗണിച്ച് ഉടൻ ഉത്തരവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.